വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ-യും ബി-യും) കോളനികൾ അനുവദിച്ചുകിട്ടേണ്ടതിനു മാത്രമായി ഫൻ ഭ ൦-ൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ കണക്കുവച്ചിട്ടില്ല. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ നാനാഭാഗങ്ങളിൽനിന്നുമായി അനവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

ധനസഹായം

*ഫ ഫ ഫ ൭. (വ്യൻ) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഷെഡ്യൂൾ കാസ്റ്റിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് ഫൻ ഭ ൦ലെ എഡ്യൂക്കേഷൻ സഹായം കൊടുത്തു;

(ബി) അതിൽ ഹൈസ്കൂൾ ക്ലാസുകളിൽ എത്ര; മിഡിൽ സെക്ഷനിൽഎത്ര;

(സി) അപ്രകാരം കൊടുത്ത തുകെ തുകയെന്തു;

(ഡി) ധനസഹായലിസ്റ്റ് അയച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും കൊടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ൻന്യ ഫ സ്കൂളിലെ വിദ്യാർത്ഥികൾക്ക്.

(ബി) ഓരോവിഭാഗത്തിലും എത്ര വിദ്യാർത്ഥികൾവീതമുണ്ടെന്നു കണക്കെടുത്തിട്ടില്ല.

(സി) രൂപാ ഫ,൮൯,൦൦൦.

(ഡി) കൊടുത്തു തീർന്നിട്ടില്ല.

(ഇ) ആദ്യം അനുവദിച്ചതുകയിൽ കൂടുതലായി വീണ്ടും തുക അനുവദിക്കേണ്ടിവന്നതു നിമിത്തം അല്പംതാമസം നേരിട്ടു.

കോളനി കെട്ടിടങ്ങൾ

*ഫ ഫ ഫ ൭. (ൻ ൦) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അവശസമുദായസംരക്ഷണ ഡിപ്പാർട്ടുമെൻറിൽനിന്നും കോളനികൾ ഉണ്ടാക്കികൊടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് ഓല കെട്ടിമേയുന്നതിനു കൊടുത്തുകൊണ്ടിരുന്ന ധനസഹായം ഈ കൊല്ലം കൊടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഇല്ല.

(ബി) കോളനികളിലുള്ളകെട്ടിടങ്ങൾ ഓലകെട്ടിമേയുന്നതിനു ധനസഹായം കൊടുക്കേണ്ടതില്ലെന്നു അവശസമുദായസംരക്ഷണ ഉപദേശകമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly